**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 285** **26-10-2021 - ൽ മറുപടിയ്ക്ക്**

**നാഷണൽ അഗ്രിക്കൾച്ചർ ഇൻഫ്രാ ഫിനാൻസിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. പി. മമ്മിക്കുട്ടി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാഷണൽ അഗ്രിക്കൾച്ചർ ഇൻഫ്രാ ഫിനാൻസിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച ഇടത്തരം-ദീർഘകാല വായ്പ പദ്ധതിയായ Agricultural Infrastructure Fund (AIF) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഷെഡ്യൂൾ ചെയ്ത സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ (RRBs), ചെറുകിട ധനകാര്യ ബാങ്കുകൾ, നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ (NBFCs), നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC) തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയാണ് ഈ വായ്പ പദ്ധതി നടപ്പിലാക്കേണ്ടത്. കേരളത്തിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖേനയാണ് ഈ വായ്പ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഈ പദ്ധതി നടപ്പാക്കുന്നത് കാരണം കൃഷിക്കാർ, ഉപഭോക്താക്കൾ തുടങ്ങിയവർക്ക് എന്തെല്ലാം ഗുണഫലങ്ങൾ ലഭ്യമാകുമെന്നാണ് വിലയിരുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | രാജ്യത്തെ കാർഷിക അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും (ഉദാ:ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങിയവ), വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ലഭ്യമായ പദ്ധതികളിലേയ്ക്കുള്ള ഇടത്തരം-ദീർഘകാല വായ്പ സമാഹരണമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൃഷിക്കാർ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, സഹകരണ വിപണന സംഘങ്ങൾ, കാർഷിക ഉത്പാദക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ, മറ്റു കാർഷിക ഗ്രൂപ്പുകൾ, സ്വാശ്രയ സംഘങ്ങൾ, |

| | | | |
|---|---|---|---|
| | | | വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ, കാർഷിക സംരംഭകർ, സ്റ്റാർട്ടപ്പുകൾ, കേന്ദ്ര സംസ്ഥാന സഹായത്തോടെ പ്രവർത്തിക്കുന്ന പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ തുടങ്ങിയവയ്ക്കാണ് ഈ പദ്ധതി പ്രായോജനകരമാകുക. രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്ക് Credit Guarantee Fund Trust for Micro and Small Enterprises (CGTMSE) സ്കീം പ്രകാരം ക്രെഡിറ്റ് ഗ്യാരണ്ടി, രണ്ടുകോടി രൂപ വരെ പരമാവധി 7 വർഷത്തേക്ക് വായ്പാപലിശയ്ക്ക് 3% ഇളവ്, വായ്പാ തിരിച്ചടവിന് ആറുമാസം മുതൽ രണ്ടു വർഷം വരെ മോറട്ടോറിയം, പലിശ നിരക്ക് സർക്കാർ നിശ്ചയിക്കുന്ന പ്രകാരം, പദ്ധതി തുകയുടെ 10 ശതമാനം മാത്രം ഗുണഭോക്തൃവിഹിതം എന്നിവയാണ് പ്രധാന ഗുണ ഫലങ്ങൾ. വിളവെടുക്കുന്ന ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും സൂക്ഷിച്ചുവയ്ക്കുന്നതിനും, ഉയർന്ന വില ലഭ്യമാകുമ്പോൾ വിൽക്കുന്നതിനും, ഈ പദ്ധതി മുഖേന കർഷകർക്ക് സഹായകരമാകും. ഇതിലൂടെ ഉത്പന്ന നഷ്ടം ഒഴിവാക്കുന്നതിനും, സംസ്കരണവും, മൂല്യ വർദ്ധനവും വിപുലീകരിക്കുന്നതിനും സാധിക്കും. കൃഷിക്കാരുടെ ഉത്പന്നങ്ങൾക്കു മികച്ച വില ലഭ്യമാകുന്നതിനും ഇത് വഴി സാധ്യമാകും. മെച്ചപ്പെട്ട മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ ലഭ്യമാകുന്നതോടെ കാർഷിക ഉല്പന്നങ്ങളുടെ മൂല്യം അനുസരിച്ച് ഉപഭോക്താക്കളിലേയ്ക്ക് നേരിട്ട് ഉല്പന്നങ്ങൾ എത്തിക്കാൻ കർഷകർക്ക് സാധിക്കും. ഇത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കും. ഇടനിലക്കാരുടെ അമിത ഇടപെടലും, കാർഷികോത്പന്നങ്ങളുടെ നഷ്ടവും, ഭക്ഷ്യധാന്യങ്ങളുടെ പാഴാക്കലും കുറയ്ക്കാൻ സഹായകരമാകും. ഇത് കാർഷിക മേഖലയുടെ നഷ്ടം ഗണ്യമായി കുറച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗുണകരമാകും. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം കാർഷിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF)പദ്ധതി പ്രകാരം agriinfra.dac.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെയാണ് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടത്. പോർട്ടലിൽ നിന്നും അപേക്ഷകന് തന്റെ പരിധിയിലുള്ള ബാങ്ക്/ ധനകാര്യ സ്ഥാപനത്തെ തിരഞ്ഞെടുക്കാം. പ്രൊജക്ട് പരിശോധിച്ച് 60 ദിവസത്തിനകം ബാങ്കുകൾ അപേക്ഷകനു മറുപടി നൽകും. അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വായ്പ ട്രാൻസ്ഫർ ചെയ്യുന്നു. ആകെ 591.25 കോടി രൂപയുള്ള 284 പദ്ധതികൾ നാളിതുവരെ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 8.18 കോടി രൂപയുടെ 15 അപേക്ഷകൾ പുതിയതായി പരിഗണിക്കേണ്ടതാണ്. 194.83 കോടി രൂപയുള്ള 86 |

| | | | |
|---|---|---|---|
| | | | പദ്ധതികൾ AIF-ന്റെ Central PMU ആദ്യഘട്ടപരിശോധനകൾ കഴിഞ്ഞിട്ടുള്ളതും, ആയത് വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ പരിഗണനയിലുമാണ്. 36.80 കോടി രൂപയുടെ 26 പദ്ധതികൾക്ക് അന്തിമാനുമതി ലഭ്യമായിട്ടുള്ളതും 12 പദ്ധതികളിലായി 10.83 കോടി രൂപ ഗുണഭോക്താക്കൾക്ക് ഇതിനകം തന്നെ വിതരണം നടത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ